DESPATCHED
On...17/01/2020



07/01/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

**ഹർജി നമ്പർ AP No.244(4)/2015/*എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.1673/*എസ്.ഐ.സി–ജി 2/2015***

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. അശോകൻ എ.കെ.നഗർ,
എ.കെ.നിവാസ്,
മുളവന, കുന്നുകുഴി പി.ഒ,
തിരുവനന്തപുരം.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   പട്ടികജാതി വികസന ഓഫീസർ,
   തിരുവനന്തപുരം നഗരസഭ.

2. അപ്പീൽ അധികാരി ,
   പട്ടികജാതി വികസന ഓഫീസ്,
   നഗരസഭ കാര്യാലയം,
   തിരുവനന്തപുരം–695 033.

} എതിർകക്ഷികൾ

## <u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരൻ പട്ടം, കുന്നുകുഴി വാർഡുകളിൽ 2013–2014 ൽ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഭൂരഹിത ധനസഹായത്തിനുവേണ്ടി

അപേക്ഷ സമർപ്പിച്ചവർ നൽകിയ ജാതി സർട്ടിഫിക്കറ്റിന്റെ പകർപ്പ് ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 07.01.2020 ൽ കമ്മീഷൻ ആസ്ഥാനത്ത് ഹിയറിങ്ങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ചില വനിതകൾ നൽകിയ അപേക്ഷയോടൊപ്പം അവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റ് അടക്കമുള്ള വ്യക്തിഗത വിവരങ്ങൾ ആയിരുന്നുവെന്നും, ഇക്കാര്യത്തിൽ പൊതു താൽപര്യം ഒന്നും കാണാതിരുന്നതുകൊണ്ടാണ് അവ നൽകാതിരുന്നതെന്നും ഒന്നാം എതിർകക്ഷി ഹിയറിങ്ങിൽ പറഞ്ഞു.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ടിയാൻ സ്ഥിരമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ അപേക്ഷ സംബന്ധിച്ച വിവരങ്ങൾ അറിയാൻ എന്ന വ്യാഖ്യേന അവരുടെ വ്യക്തിഗത വിവരങ്ങൾ അറിയുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾക്കായാണ് വിവരാവകാശ അപേക്ഷ ദുരുപയോഗം ചെയ്യുന്നതെന്നാണ് മനസിലാവുന്നത്. ഇത്തരത്തിൽ വിവരാവാശ അപേക്ഷകൾ ദുരുപയോഗം ചെയ്യുന്നത് അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. ടി അപ്പീൽ ഹർജിക്കാരന്റെ തന്നെ സമാന സ്വഭാവമുള്ള പല അപേക്ഷകളും നേരത്തെ പല തവണ കമ്മീഷൻ തീർപ്പു കൽപ്പിച്ചിട്ടുള്ളതുമാണ്.

5. ആയതുകൊണ്ട് ഇത്തരം വ്യക്തിഗത വിവരങ്ങൾ നൽകി ഒരു പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സങ്കീർണമാക്കേണ്ടതില്ല എന്നു തന്നെ കമ്മീഷൻ നിരീക്ഷിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 07.01.2020 ന് ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

re